# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ 2000 13.06.2019 ൽ മറുപടിയ്ക്ക്

**കക്കാട് പി.എച്ച്.സി. -യ്ക്കായി വിജിലൻസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ്**

ചോദ്യം ഉത്തരം

**ശ്രീ.ബി.ഡി.ദേവസ്സി** **പിണറായി വിജയൻ (മുഖ്യമന്ത്രി)**

| | | | |
|---|---|---|---|
| (എ) | ചാലക്കുടി മണ്ഡലത്തിൽപ്പെട്ട കാട്ടുകുറ്റി പഞ്ചായത്തിലെ കക്കാട് പി.എച്ച്.സി. യിൽ വർഷങ്ങളായി മുടങ്ങിക്കിടക്കുന്ന ഒ.പി. ബ്ലോക്ക് നിർമ്മാണം പൂർത്തീകരിച്ച് ജനങ്ങൾക്ക് തുറന്നുകൊടുക്കുന്നതിനായി വിജിലൻസ് ക്ലിയറൻസ് ലഭിക്കുന്നതിന് പഞ്ചായത്ത് അപേക്ഷ സമർപ്പിച്ചിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പ്രസ്തുത വിജിലൻസ് ക്ലിയറൻസ് ലഭിക്കാത്തതിനാൽ ആർദ്രം പദ്ധതിയുടെ ഭാഗമായി കക്കാട് പി.എച്ച്.സി.യിൽ അനുവദിച്ചിട്ടുള്ള അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികൾ പോലും നടത്തുവാൻ സാധിക്കാത്ത സാഹചര്യം പരിഗണിച്ച് ഇക്കാര്യത്തിൽ അടിയന്തരമായി തീർപ്പ് കൽപിക്കുന്നതിനും വിജിലൻസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിനുമുള്ള നടപടികൾ പൂർത്തിയാക്കുവാൻ നിർദ്ദേശം നൽകുമോ; വിശദമാക്കുമോ? | (ബി) | കാട്ടുകുറ്റി ഗ്രാമ പഞ്ചായത്തിൽപ്പെട്ട കക്കാട് എന്ന സ്ഥലത്തെ പി.എച്ച്.സി. കെട്ടിട നിർമ്മാണത്തിലെ ക്രമക്കേടുകൾ സംബന്ധിച്ച് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ തൃശ്ശൂർ യൂണിറ്റിൽ ക്യൂ.വി. 73/13/ടി.എസ്.ആർ. നമ്പരായി ഒരു സത്വരാന്വേഷണം നടത്തുകയും റിപ്പോർട്ടിന്മേലുള്ള വിജിലൻസ് ഡയറക്ടറുടെ താഴെ പറയുന്ന ശുപാർശകൾ വിജിലൻസ് വകുപ്പ് അംഗീകരിക്കുകയും തുടർ നടപടിക്കായി തദ്ദേശസ്വയംഭരണ വകുപ്പിന് നൽകുകയും ചെയ്തു.<br>1) ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും റിക്കവറി.<br>2) കുറ്റാരോപിതയായ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്കെതിരെ വകുപ്പുതല നടപടി.<br>3) വിദഗ്ധ സമിതിയെക്കൊണ്ട് പരിശോധിപ്പിച്ച് തിരുത്തൽ നടപടികൾ സ്വീകരിക്കുക.<br>4) കോൺട്രാക്ടറുടെ ലൈസൻസ് റദ്ദാക്കുക. |

| | | | |
|---|---|---|---|
| | | | 1, 2 ശുപാർശകളിൽ നടപടി പൂർത്തിയാക്കി റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്. മറ്റു ശുപാർശകളിൽ കൂടി നടപടി പൂർത്തിയാക്കി വിജിലൻസ് ക്ലിയറൻസ് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ**